# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2002 10.10.2011-ൽ മറുപടിയ്ക്ക്**

## മെഡിക്കൽ കോളേജുകളിലെ തീവ്ര പരിചരണ വിഭാഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. വി. റ്റി. ബൽറാം : | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ കോളേജുകളിൽ അത്യാസന്നനിലയിൽ എത്തുന്ന രോഗികളെ ചികിൽസിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിലുള്ളത് ; | (എ) എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം നിലവിലുണ്ട്.<br>അത്യാഹിത വിഭാഗങ്ങളിൽ Triage സൗകര്യം ഏർപ്പെടുത്തി അത്യാസന്ന നിലയിൽ എത്തുന്ന രോഗികൾക്ക് അനുയോജ്യമായ ചികിൽസ നിർദ്ദേശിക്കുന്നുണ്ട്. തീവ്രപരിചരണം ആവശ്യമായ രോഗികളെ ഇന്റൻസീവ് കെയർ യൂണിറ്റിൽ എത്തിച്ച് ചികിൽസ ലഭ്യമാക്കുന്നുണ്ട്. |
| (ബി) ഇതിനായി തീവ്ര പരിചരണ വിഭാഗം തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;<br><br>(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി)&(സി) മെഡിക്കൽ കോളേജുകളിലെ വിവിധ വിഭാഗങ്ങളിൽ തീവ്ര പരിചരണ വിഭാഗങ്ങളുണ്ട്. എന്നാൽ ഇവ ഏകീകരിച്ചുകൊണ്ട് ഒരു പൊതു ഐ.സി.യു. ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) ഇത് സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കാൻ ആരെയാണ് നിയോഗിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(ഇ) റിപ്പോർട്ട് ലഭിച്ച ശേഷം ഇത് നടപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി)&(ഇ) ഇത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ